*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

196th Issue - Volume 5, No. 30 **ജാഗ്രത** 5th August 2011


"ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതു മൂലം എല്ലാവരും അറിയും."

(മത്തായി 13-34;35)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




## പ്രധാന വാർത്തകൾ

പോണോഗ്രഫിക്കെതിരായ ഡോക്കുമെന്ററി ലോകയുവജനദിനത്തിൽ

തീവ്രവാദവും നൈറ്റ്സ് ഓഫ് ടേംപ്ലാർസിന്റെ ഉദാത്തമായ നിലപാടും ഒരിക്കലും യോജിക്കില്ല.

ലോകയുവജനദിനം: 4000 വികലാംഗരായ യുവജനങ്ങൾ പങ്കെടുക്കും.

വിശുദ്ധ അൽഫോൻസാമ്മ മാതൃകാപുസ്തകം: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി

സ്വാശ്രയവിഷയത്തിൽ സഭാ നിലപാട് ശരി: ആർച്ച്ബിഷപ് ഡോ.സൂസപാക്യം

ആത്മീയനിറവു നേടിയെടുത്താലേ സാമൂഹിക തിന്മകൾക്കെതിരെ പ്രവർത്തിക്കാനാകൂ: മാർ റാഫേൽ തട്ടിൽ

കർഷക ദമ്പതീ സംഗമങ്ങൾ കാർഷിക പ്രതിബദ്ധതയുടെ മകുടോദാഹരണം: മാർ മാത്യു മൂലക്കാട്ട്

യുവജനങ്ങൾ നന്മയുടെ വക്താക്കളാകണം: മാർ പോളി കണ്ണൂക്കാടൻ

## ചരിത്ര ജാഗ്രത

മിഷനറിയുടെ ഹോർത്തൂസ് മലബാറിക്കൂസ്

## വാരാന്ത്യവീക്ഷണം

അതിക്രമങ്ങൾ ; ശക്തവും സമഗ്രവുമായ സാമൂഹ്യമുന്നേറ്റം ആവശ്യം

## ജാഗ്രതാ വാർത്ത

മദ്യം ഒരുക്കുന്ന നരകം.

## പോണോഗ്രഫിക്കെതിരായ ഡോക്കുമെന്ററി ലോകയുവജന ദിനത്തിൽ

ലോകയുവജനദിനത്തിൽ പങ്കെടുക്കാനായി മാഡ്രിഡിൽ ഒരുമിച്ചുകൂടുന്ന യുവജനങ്ങൾക്ക് മുമ്പിൽ വർദ്ധിച്ചുവരുന്ന പോണോഗ്രഫിയുണ്ടാക്കുന്ന പ്രതിസന്ധികളെ വെളിപ്പെടുത്തുന്ന ഡോക്കുമെന്ററി പ്രദർശിപ്പിക്കും. ഔട്ട് ഓഫ് ദി ഡാർക്കനെസ്സ് (ഇരുട്ടിൽ നിന്നും)എന്ന ശീർഷകത്തിൽ ആന്റെദും പിക്ച്ചേഴ്സ്, ന്യൂയോർക്ക് ആണ് ഈ സിനിമ നിർമ്മിച്ചിരിക്കുന്നത്. പോണോഗ്രഫി ഇൻഡസ്ട്രിയുടെ ഇരുണ്ടതലങ്ങൾ വെളിപ്പെടുത്തുന്നതാണ് സിനിമ.

2011 ൽ മിയാവിൽ നടന്ന ഫിലിം ഫെസ്റ്റിവലിൽ പ്രത്യേക പുരസ്കാരം നേടിയ ഔട്ട് ഓഫ് ദി ഡാർക്കനെസ്സ് മുൻ ലൈംഗിക തൊഴിലാളിയായ ഷെല്ലി ലുബ്ബന്റെ കഥയാണ് അവതരിപ്പിക്കുന്നത്.

ഈ സിനിമ പോണോഗ്രഫി ഇരകളില്ലാത്ത ഒരു ലോബിയാണെന്നും ഉപദ്രവകരമല്ലാത്ത സമയം ചെലവിടൽ അല്ലെങ്കിൽ വിനോദം ആണെന്നും ഉള്ള കള്ളത്തരങ്ങൾ പൊളിക്കുന്നതാണ്. മനുഷ്യനെ അധമനും വ്യക്തിത്വത്തെ വികലവുമാക്കുന്ന പോണോഗ്രഫിക്കെതിരെ യുവമനസ്സുകളെ ശക്തമാക്കാൻ സിനിമ സഹായകരമാകുമെന്ന് സംവിധായകൻ ഫിന്നെഗൻ പ്രത്യാശിക്കുന്നു.

## തീവ്രവാദവും നൈറ്റ്സ് ഓഫ് ടേംപ്ലാർസിന്റെ ഉദാത്തമായ നിലപാടും ഒരിക്കലും യോജിക്കില്ല.

നോർവ്വേയിലെ തീവ്രവാദിയായ കൊലയാളി ആൻഡേഴ്സിന്റെ ബേറിംഗ് ബ്രെവിക്സ് നടത്തിയ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള നൈറ്റ്സ് ഓഫ് ടേംപ്ലാർസ് (Knight of Templarse)മായി ആശയപരമായി ബന്ധമുണ്ടെന്ന അവകാശവാദം ടേംപ്ലാർസിന്റെ യഥാർത്ഥ ദൗത്യവുമായി ഒരു ബന്ധവുമില്ലാത്തതാണെന്ന് അമേരിക്കൻ ചരിത്രകാരനായ ഡോ.പോൾ ക്രോഫോർഡ് പ്രസ്താവിച്ചു. പെൻസിൽവാനിയയിലെ കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ പൗരാണികചരിത്ര പ്രൊഫസറാണ് ഡോ.പോൾ ക്രോഫോർഡ്

അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് പത്താം നൂറ്റാണ്ടിലെ ടേംപ്ലാർസ് മദ്ധ്യകാലത്തെ ക്രൈസ്തവ പടയാളികളുടെ സംഘമായിരുന്നു; വിശുദ്ധനാട്ടിലേക്കു തീർത്ഥാടനം പോകുന്ന ക്രൈസ്തവരെ മുസ്ലീം അക്രമകാരികളിൽനിന്നും രക്ഷിക്കുകയായിരുന്നു അവരുടെ ദൗത്യം. ഇന്ന് അവർ ഉണ്ടായിരുന്നെങ്കിൽ ബ്രെവിക്സിന്റെ നടപടിയെ കുറ്റം വിധിച്ച് അവർ രംഗത്തെത്തുമായിരുന്നു.

ജൂലൈ 22 ന് നോർവ്വേയിൽ 77പേരേ ബോംബു വച്ചു കൊന്നതിനുശേഷം പ്രസിദ്ധീകരിച്ച1500 പേജു വരുന്ന പ്രകടന പത്രികയിൽ ബ്രെവിക്സ് തന്റെ പ്രവർത്തനങ്ങളെ നൈറ്റ്സ് ഓഫ് ടേംപ്ലാർസ്ന്റെ ഉയർത്തെഴുന്നേറ്റ രൂപമാണെന്നു വിലയിരുത്തിയിരുന്നു. അടുത്തകാലത്ത് മെക്സിക്കോയിലെ മൊറേലിയയിലെ മയക്കുമരുന്നു മാഫിയയും തങ്ങളെത്തന്നെ നൈറ്റ്സ് ഓഫ് ടേംപ്ലാർസുമായി താരതമ്യപ്പെടുത്താൻ ശ്രമിച്ചിരുന്നു. യഥാർത്ഥ ടേംപ്ലാർസ് ഇന്നുണ്ടായിരുന്നെങ്കിൽ ഈ രണ്ടു ഗ്രൂപ്പുകാരേയും കുറ്റം വിധിക്കുമായിരുന്നുവെന്നാണ ചരിത്രകാരനായ ഡോ. ക്രോഫോർഡ് പറയുന്നത്.

## ലോകയുവജനദിനം: 4000 വികലാംഗരായ യുവജനങ്ങൾ പങ്കെടുക്കും.

ഓഗസ്റ്റുമാസം 11 മുതൽ സ്പെയിനിലെ മാഡ്രിഡിൽ നടക്കുന്ന ലോകയുവജനദിനത്തിൽ നാലായിരത്തോളം വികലാംഗരായ യുവജനങ്ങൾ പങ്കെടുക്കും. ലൂർദ്ദിൽ തീർത്ഥാടനം നടത്തുന്ന വികലാംഗർക്കും രോഗികൾക്കും ശുശ്രൂഷ ചെയ്യുന്നവരും അതുപോലെ മറ്റു തീർത്ഥാടന കേന്ദ്രങ്ങളിൽ സഹായിക്കുന്ന വരുമായിരിക്കും ലോകയുവജനദിനത്തിൽ എത്തുന്ന വികലാംഗർക്ക് വേണ്ട ശുശ്രൂഷ നല്കുന്നത്.

മാഡ്രിഡിൽ യുവജനദിനാചരണ സ്ഥലത്തെ സൗകര്യങ്ങൾ പരിഗണിച്ചാണ് വോളണ്ടിയേഴ്സിനു പരിശീലനം നല്കുന്നത്. വികലാംഗർക്ക് വേണ്ടത്ര പരിചരണവും, ഭഷ്ണവും, വൈദ്യസഹായം എത്തിക്കാനുള്ള ക്രമീകരണവും നടത്തിക്കഴിഞ്ഞതായി സമിതി അറിയിച്ചു. വികലാംഗരായ യുവജനങ്ങൾക്ക് എല്ലാ പ്രവർത്തന പരിപാടികളിലും പങ്കെടുക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ടെന്നും സമിതി അറിയിച്ചു.

## വിശുദ്ധ അൽഫോൻസാമ്മ മാതൃകാപുസ്തകം: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി



സമൂഹത്തിനു ജീവിതവിശുദ്ധി നേടാൻ ഏറെ പഠിക്കാൻ കഴിയുന്ന മാതൃകാപുസ്തകമാണു വിശുദ്ധ അൽഫോൻസാമ്മയെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ തിരുനാൾ

റാസയർപ്പിച്ച് സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജീവിതമായിരുന്നു അൽഫോൻസാമ്മയുടേത്. സഹനത്തിന്റെ വഴിയേ നടന്ന് വാക്കിലും പ്രവൃത്തിയിലും ദൈവേഷ്ടം നിറവേറ്റാൻ വിശുദ്ധയ്ക്കു കഴിഞ്ഞു. എല്ലാവരും വേദനകൾ വിട്ടുമാറാൻ പ്രാർഥിച്ചപ്പോൾ അതു തന്റേതുമാത്രമാകണമെന്നാണു വിശുദ്ധ പ്രാർഥിച്ചത്. സഹനത്തിന്റെ പല മുഖങ്ങളുള്ള ക്രിസ്തുവിന്റെ ജീവിതഗാഥയാണ് അൽഫോൻസാമ്മ സ്വജീവിതത്തിലൂടെ പകർന്നുതരുന്നത്. വിശുദ്ധിയുടെ പിന്നിലുള്ള പ്രവൃത്തിക്കപ്പുറമുള്ള ദൈവികവിളി അൽഫോൻസാമ്മയുടെ ജീവിതത്തിൽ കാണാനാവും. സ്വന്തം ജീവിതശൈലിയിൽ നിൽക്കുമ്പോഴും സമൂഹത്തിൽനിന്ന് നല്ല ആശയങ്ങൾ നേടിയെടുക്കാനാവണം. ബലഹീനതകളെ ബലമാക്കി മാറ്റണം. ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുപോകാതെ അൽഫോൻസാ മാതൃകയിൽ ജീവിക്കാൻ നമുക്കും കഴിയണം: മാർ ആലഞ്ചേരി പറഞ്ഞു.

## സ്വാശ്രയവിഷയത്തിൽ സഭാ നിലപാട് ശരി: ആർച്ച്ബിഷപ് ഡോ.സൂസപാക്യം



സ്വാശ്രയ വിദ്യാഭ്യാസ വിഷയത്തിൽ കത്തോലിക്കാ സഭയെ ഒറ്റപ്പെടുത്തി ആക്രമിച്ചു ദുഷ്പ്രചാരണ ങ്ങളിലൂടെ സംശയത്തിന്റെ പുകമറ ഉയർത്താൻ തത്പരകക്ഷികൾക്ക് ഏതാണ്ട് കഴിഞ്ഞെങ്കിലും യഥാർഥ വസ്തുതകൾ ഇപ്പോൾ വെളിപ്പെടുകയാണെന്നു കെആർഎൽസിസി സമ്മേളനം വിലയിരുത്തി. ഉദ്ദേശ്യ ശുദ്ധിയോടും യാഥാർഥ്യ ബോധത്തോടും അന്യോന്യ ആദരവോടുംകൂടി ഈ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ ഏതു കേന്ദ്രത്തിൽനിന്നുമുണ്ടാകുന്ന പരിശ്രമത്തോടും ക്രിയാത്മകമായി സമുദായം സഹകരിക്കും. ഇക്കാര്യത്തിൽ കത്തോലിക്കാ സഭയുടെ പൊതുസമീപനമാണിതെന്നു സമ്മേളനതീരുമാനങ്ങൾ വിശദീകരിക്കവേ പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ.സൂസപാക്യം വ്യക്തമാക്കി. സമുദായത്തിനു പുനർ നവോഥാനം ലക്ഷ്യമിട്ട് ആഭ്യന്തരമായ വിലയിരുത്തലുകളും തിരുത്തലുകളും അനിവാര്യമാണ്. ധാരാളിത്തം, ധൂർത്ത്, മദ്യാസക്തി തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരേ വിവിധ തലങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും. വിനോദസഞ്ചാര, കാർഷിക, മത്സ്യമേഖലകളിലെ വിഭവങ്ങളുടെ മൂല്യവർധന, മനുഷ്യശേഷി വികസനം എന്നീ രംഗങ്ങളിലെ സാധ്യതകൾ വിലയിരുത്തി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള സമുദായാംഗങ്ങളുടെകൂടി സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കും. ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് നല്കുന്നതു സംബന്ധിച്ച സർക്കാർ ഉത്തരവിലെ 1947 എന്ന പരാമർശം അനാവശ്യവും അപ്രസക്തവും ആകയാൽ അടിയന്തരമായി നീക്കം ചെയ്യണം. ജാതി സർവേയുടെ ചോദ്യാവലിയിലെയും വിവരശേഖരണത്തിന് അവലംബിച്ചിരിക്കുന്ന രീതിയിലെയും അപാകതകൾ ഉടൻ പരിഹരിക്കണം. 15 ഇന ചോദ്യമായി ഉന്നയിച്ചിരിക്കുന്നതു സാമ്പത്തിക സ്ഥിതിയാണ്. ആ ചോദ്യം ഒഴിവാക്കണം. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെട്ടവരാണു ജാതി സർവേ നടത്തുന്നത്. എത്രമാത്രം ഗൗരവമാണ് ഇക്കാര്യത്തിലുള്ളതെന്ന സംശയം ഉയരുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## ആത്മീയനിറവുനേടിയെടുത്താലേസാമൂഹിക തിന്മകൾക്കെതിരെ പ്രവർത്തിക്കാനാകൂ: മാർ റാഫേൽ തട്ടിൽ



ആത്മീയനിറവു നേടിയെടുത്താലേ യുവജനങ്ങൾക്ക് സാമൂഹിക തിന്മകൾക്കെതിരെപ്രവർത്തിക്കനാകൂവെന്ന് അതിരൂപത സഹായമെത്രാൻ മാർ റാഫേൽതട്ടിൽ. സിഎൽസിയുടെ ആത്മീയാചാര്യനായ വിശുദ്ധ ഇഗ്നേഷ്യസ് ലെയോളയുടെ അനുസ്മരണ ദിനാഘോഷം അതിരൂപത സിഎൽസിയുടെ നേതൃത്വത്തിൽ പട്ടിക്കാട് സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

## കർഷക ദമ്പതീ സംഗമങ്ങൾ കാർഷിക പ്രതിബദ്ധതയുടെ മകുടോദാഹരണം: മാർ മാത്യു മൂലക്കാട്ട്



കർഷകദമ്പതീസംഗമങ്ങൾകാർഷിക പ്രതിബദ്ധതയുടെ മകുടോദാഹരണമാണെന്ന് ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്. കോട്ടയം അതിരൂപത ശതാബ്ദിയുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വെളിയന്നൂരിൽ സംഘടിപ്പിച്ച ശതാബ്ദി കർഷക ദമ്പതീ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. കാർഷിക മേഖലയുടെ ഉണർവിനുതകുന്ന നടപടികൾ സർക്കാർ തലത്തിൽ നിന്നുണ്ടാകണ മെന്നും വ്യക്തി, കുടുംബ, സമൂഹ ബന്ധങ്ങൾക്ക് ഏറെ ശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ സാമൂഹ്യപ്രതി ബദ്ധതയുള്ളവരായി മാറുവാൻ കഴിയണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

## യുവജനങ്ങൾ നന്മയുടെ വക്താക്കളാകണം: മാർ പോളി കണ്ണൂക്കാടൻ

---



മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ നന്മയുടെ വക്താക്കളാകാൻ യുവജനങ്ങൾ രംഗത്തിറങ്ങണമെന്നു ബിഷപ് മാർ പോളി കണ്ണൂക്കാടൻ അഭിപ്രായപ്പെട്ടു. സംസ്ഥാന സിഎൽസിയുടെ ആഭിമുഖ്യത്തിൽ ഇരിങ്ങാലക്കുട കത്തീഡ്രൽ പാരീഷ് ഹാളിൽ സംഘടിപ്പിച്ച ഇഗ്നേഷ്യൻ അനുസ്മ രണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. ധാർമികമൂല്യങ്ങളും ആദർശങ്ങളും സ്വാർഥതാത്പര്യങ്ങൾക്കായി ബലികഴിക്കപ്പെടുന്ന അവസ്ഥയാണു പലേടത്തും. വിശ്വാസതീക്ഷ്ണതയുള്ള യുവജന മുന്നേറ്റത്തിനു മാത്രമേ ഇതിനെ തടയാൻ സാധിക്കൂ. തിന്മയ്ക്കെതിരേ നന്മയുടെ പ്രകാശം പരത്തുന്ന വരാകുവാനാണു യുവജനങ്ങൾ മുന്നിട്ടിറങ്ങേണ്ടത്. ബിഷപ് ഉദ്ബോധിപ്പിച്ചു.

## ചരിത്ര ജാഗ്രത

### മിഷനറിയുടെ ഹോർത്തൂസ് മലബാറിക്കൂസ്: ഹെന്റിക് ഏഡ്രിയൻ വാന്റീഡ്

ഹെന്റിക് ഏഡ്രിയൻ വാന്റീഡ് എന്ന ഡച്ചുകാരൻ ലന്തസൈന്യത്തിലെ ഒരു കപ്പിത്താനായി ഇരുപത്തിയാറാമത്തെ വയസ്സിൽ കൊച്ചിയിൽ വന്നു. പിന്നീട് ഉദ്യോഗക്കയറ്റം കിട്ടി പല ഉന്നതപദവികളും അലങ്കരിച്ചു. 1677 നവംബർ മാസത്തിൽ സ്വദേശ ത്തേക്ക് മടങ്ങിപ്പോയി. പതിനാലുവർഷക്കാലം അദ്ദേഹം കൊച്ചിയിൽ ഉണ്ടായിരുന്നു. ഈ കാലയളവിൽ വാന്റീഡ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഔഷധ ച്ചെടികൾ ശേഖരിക്കുകയും അവയുടെ ചിത്രങ്ങൾ വരപ്പിക്കുകയും ചെയ്തു. ഔഷധച്ചെടികൾ ശേഖരിക്കുന്നതിനും അവയുടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും ഫാദർ മാത്യൂസ്(മത്തേവൂസ്) വേണ്ടവിധം പ്രയത്നിച്ചു.

ഔഷധച്ചെടികളുടെ ഗുണവിശേഷങ്ങൾ പറഞ്ഞുകൊടുത്തത് പ്രധാനമായും ചേർത്തല കടക്കരപ്പള്ളി കൊല്ലാട്ടുവീട്ടിൽ ഈഴവ സമുദായത്തിൽപ്പെട്ട ഇട്ടിഅച്ച്യുതൻ എന്ന മഹാവൈദ്യനായിരുന്നു. കൂടാതെ ഗൗഡ സാരസ്വത വിഭാഗത്തിൽ പെട്ട രംഗഭട്ടൻ, വിനായക പണ്ഡിതൻ, അപ്പുഭട്ടൻ എന്നീ ഭിഷഗ്വരന്മാരും സഹായിച്ചു. അങ്ങനെയാണ് വാന്റീഡ് കേരളത്തിലെ സസ്യവിജ്ഞാനീയത്തെപ്പറ്റി ഹോർത്തൂസ് മലബാറിക്കൂസ് എന്ന ലത്തീൻ ഭാഷയിലുള്ള ബൃഹത്തായ ഗ്രന്ഥം തയ്യാറാക്കിയത്. 1677-ൽ സ്വദേശത്തേയ്ക്കു മടങ്ങിപ്പോകുമ്പോൾ

വാന്റീഡ് ഈ ഗ്രന്ഥത്തിനുവേണ്ട എല്ലാ വിവരങ്ങളും ചിത്രങ്ങളും കൂടെകൊണ്ടുപോയി. കേരളത്തിലെ 7946 ഇനം ഔഷധച്ചെടികളുടെ ചിത്രങ്ങളോടുകൂടി ഈ വിശിഷ്ടഗ്രന്ഥം 12 വാല്യങ്ങളായി 1686-ൽ ആംസ്റ്റർഡാമിൽനിന്നു പ്രസിദ്ധപ്പെടുത്തി. ചെടികളുടെ പേരുകൾ ലത്തീൻ , മലയാളം, അറബി, സംസ്കൃതം എന്നീ നാലുഭാഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. മലയാളലിപി ആദ്യമായി അച്ചടിച്ചത് ഈ വൈജ്ഞാനിക ഗ്രന്ഥത്തിലാണ്. മലയാളലിപി ചതുരവടിവിൽ കൊത്തിയെടുത്താണ് അച്ചടിച്ചിരിക്കുന്നത്. കേരളരാമം എന്നും ഈ ഗ്രന്ഥത്തിന് പേരുണ്ട്. അതിബൃഹത്തായ ഈ ഗ്രന്ഥം ലോകത്തിൽ എന്നെന്നും കേരളത്തിന്റെ പ്രശസ്തി നിലനിറുത്തുന്നതുമാണ്.

## ജാഗ്രതാ വാർത്ത

### മദ്യം ഒരുക്കുന്ന നരകം.

കേരളത്തിൽ വിവാഹമോചനങ്ങൾ കൂടുകയാണെന്ന് ക്രൈസ്തവസഭ വളരെ നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു. കുടുംബകോടതികളിൽക്കൂടി വരുന്ന വിവാഹമോചനകേസുകൾ പരിഗണിച്ചാണ് സഭ അന്ന് അങ്ങനെ ഒരു നിരീക്ഷണം നടത്തിയത്. കഴിഞ്ഞവർഷം സംസ്ഥാനത്തെ കുടുംബ കോടതികളിൽ ഫയൽ ചെയ്തത് 10926 വിവാഹമോച നക്കേസുകളാണത്രേ . തിരുവനന്തപുരത്തെ രണ്ട് കുടുംബ കോടതികളിലാണ് ഏറ്റവുമധികം കേസുകൾ . 1247 കേസുകളാണ് ഇവിടെ ഫയൽ ചെയ്തത്. ഏറ്റവും കുറവ് എല്ലാത്തിലും പിന്നോക്കം നിൽക്കുന്ന വയനാടാണ്. എറണാകുളം കുടുംബകോടതിയും ഈ ബഹുമതി പങ്കിടുന്നു.

ഗാർഹികപീഡനം വർധിക്കാൻ ഒരു പ്രധാനകാരണം വർധിച്ചുവരുന്ന മദ്യോപയോഗമാണ്. സംസ്ഥാനത്ത് മദ്യോപയോഗം പ്രതിദിനം വർധിക്കുന്നതായി കണക്കുകൾ തെളിയിക്കുന്നു. കേരളത്തിൽ മദ്യവിൽപ്പനയിലൂടെ കഴിഞ്ഞവർഷം കിട്ടിയ വരുമാനം 38885 കോടിയാണ്. ഇത് 21 ശത മാനം വർധനവാണ് കാണിക്കുന്നത്. പെട്രോളി നേക്കാൾ ലാഭം കിട്ടുന്നത് മദ്യവിൽപ്പനയിൽ നിന്നാണ്. പ്രതിദിനം മലയാളി കുടിക്കുന്നത് എട്ട് ലിറ്റർ മദ്യമാണത്രെ. ഈ അപകടകരമായ സ്ഥിതിവിശേഷം ഒരു സാമൂഹ്യ ചിന്തകരുടെയും പരിഗണനയിലോ ചർച്ചകളിലോ വരുന്നില്ല. കേവലം മൂന്നുകോടിയിൽപ്പരം ജനസംഖ്യയുള്ള സംസ്ഥാനത്ത് 50 ലക്ഷം പേർ , 48 ലക്ഷം കുടുംബങ്ങൾ മദ്യം ഉപയോദിക്കുന്നവരാണ്. ഇതിൽ 80 ശത മാനവും തൊഴിലാളികളാണത്രേ. തൊഴിലാളികൾ അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും മദ്യത്തി നായി ഉപയോഗിക്കു മ്പോൾ സ്വാഭാവികമായും ജനിക്കുന്ന നിരാശാഭരിതമായ കോപമാണ് ഗാർഹിക പീഡന ത്തിനങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണി ക്കപ്പെടുന്നത്. സംശയരോഗവും ഗാർഹിക പീഡന ത്തിനു കാരണമാകുന്നുവെന്ന് പറയുമ്പോഴും അമിത മദ്യോപയോഗംകൊണ്ട് കലുഷിതമാകുന്ന മാനസികാവസ്ഥയും സംശയരോഗം ജനിപ്പിക്കുന്നു വെന്ന സത്യം കാണാതെ പോകരുത്.

ജന്മഭൂമി 4/5/11

## വാരാന്ത്യ വീക്ഷണം

### അതിക്രമങ്ങൾ ; ശക്തവും സമഗ്രവുമായ സാമൂഹ്യമുന്നേറ്റം ആവശ്യം

കേരളത്തിൽ വളർന്നുവരുന്ന ലൈംഗികാതിക്രമങ്ങൾ കേരളസമൂഹം പഠനവിഷയമാക്കേണ്ടതാണ്. ചില നിരീക്ഷ്ണങ്ങൾ പത്രങ്ങളിൽ വരുന്നുണ്ടെന്നതു യാഥാർത്ഥ്യം. എങ്കിലും സമഗ്രമായ പഠനമോ ചർച്ചയോ അധികമൊന്നും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുകണ്ടില്ല. അതിക്രമങ്ങൾ കേവലം രോഗലക്ഷണങ്ങൾ മാത്രമാണ്; അതിന്റെ അടിസ്ഥാനം എന്തെന്നു കണ്ടെത്തി പരിഹരിക്കുകയാണ് വേണ്ടതെന്ന അഭിപ്രായം സജീവമാണ്.

കേരളത്തിൽ കുടുംബങ്ങളുടെ കെട്ടുറപ്പുകൾ നഷ്ടപ്പെടുന്നുവെന്നാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞവർഷം മാത്രം സംസ്ഥാനത്തെ കുടുംബ കോടതികളിൽ ഫയൽ ചെയ്തത്10926 കേസുകളായിരുന്നു. കഴിഞ്ഞ പത്തുവർഷം കൊണ്ട് ആറുമടങ്ങുകണ്ട് കേസുകൾ വർദ്ധിച്ചിരിക്കുന്നു. കുടുംബങ്ങൾ കൂടുതൽ അരക്ഷിതാവസ്ഥയിലേക്കു നീങ്ങുന്നു വെന്നു തന്നെയാണ് ഇത് സൂചിപ്പിക്കുന്നത്.

കേരളത്തിൽ നിന്നും തൊഴിൽ തേടി മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും എത്തിപ്പെട്ടിരിക്കുന്നവരുടെ സംഖ്യക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഏതാണ്ട് 25 ലക്ഷം പേരാണ് കേരളത്തിൽ നിന്നും തൊഴിൽ തേടി മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും താമസിക്കുന്നത്. അതുകൂടാതെ കുടുംബങ്ങളിൽ നിന്നും അകന്ന് കേരളത്തിൽ തന്നെ താമസിക്കുന്ന ലക്ഷകണക്കിന് ആൾക്കാർ വേറെയുമുണ്ട്. ഫലമോ സ്വസ്ഥമായ ഗ്രഹാന്തരീക്ഷം തകരുന്നു. അപ്പനും അമ്മയും തൊഴിൽ തേടി മറ്റു സ്ഥലങ്ങളിൽ താമസിക്കുന്നവരും അപ്പന്റെയോ അമ്മയുടേയോ ഏതെങ്കിലും ഒരാളിന്റെ കൂടെ താമസിക്കുന്നവരുമായ മക്കളും ഇന്ന് ഏറെയാണ്. വീടിന്റെ വൈകാരിക സുരക്ഷിതത്വം തുലോം തുച്ഛമാകാൻ ഇതു കാരണമാകുന്നുണ്ട്.

വർദ്ധിച്ചുവരുന്ന മദ്യപാനവും കുട്ടികളുടെയും മുതിർന്നവരുടെയും മാനസീകാരോഗ്യം തകർക്കുന്നു. കേരളത്തിൽ കഴിഞ്ഞവർഷം മദ്യവില്പനയിലൂടെ കിട്ടിയ വരുമാനം 38885 കോടിയാണ്. ഇത് ഏതാണ്ട് 21% വർദ്ധനയാണ് കാണിക്കുന്നത്. ഇത് കേരളത്തിലെ കൗമാരക്കാരുടെയും യുവജനങ്ങളുടെയും മാനസികാരോഗ്യത്തെയും ഗൗരവമായി ബാധിക്കുന്നുണ്ട്. കൂടാതെ കുടുംബാന്തരീക്ഷത്തെയും പ്രതികൂലമായി ബാധിക്കുന്നു.

വർദ്ധിച്ചുവരുന്ന പോണോഗ്രഫിയാണ് മറ്റൊരു വലിയ പ്രശ്നം. ഏറ്റവും എളുപ്പത്തിൽ പോണോഗ്രഫി ലഭിക്കുന്നു. കുഴപ്പമുണ്ടാക്കാത്ത വിനോദമായി ഇതുഗണിക്കപ്പെടുന്നുമുണ്ട്. എന്നാൽ മയക്കുമരുന്നിലും മാരകമായ ദുരന്തമാണ് പോണോഗ്രഫി മനുഷ്യമനസ്സിനു സമ്മാനിക്കുന്നത്. അതിന്റെ ഗൗരവം കാര്യമായി ഇവിടെ വിലയിരുത്തപ്പെടുന്നില്ല എന്നും തോന്നുന്നു.

കുടുംബത്തിൽ ഒരു മിച്ചുസമയം പങ്കിടാൻ കുടുംബാംഗങ്ങൾക്കു കഴിയാത്തതും ജോലിത്തിരക്കുകളും, സ്വന്തം സുഖസൗകര്യങ്ങൾക്ക് അമിത പ്രാധാന്യം നല്കുന്ന മനോഭാവങ്ങളും, മദ്യപാനാസക്തിയും സമ്പത്തിനോടുള്ള ആർത്തിയുംഎല്ലാം നമ്മുടെ കുട്ടികളെ പ്രത്യേകിച്ചും കൗമാരക്കാരെ കടന്നാക്രമിക്കുന്നുണ്ട്. അവരെ മാത്രമല്ല മുതിർന്നവരെയും. ശാസ്ത്രീയവും സമഗ്രവുമായ പഠനങ്ങളും, ശക്തമായ നിലപാടുകളും കുടുംബത്തിനു സുപ്രധാനസ്ഥാനം നല്കുന്ന മൂല്യങ്ങളുടെ പുനർവിന്യാസവും ശാസ്ത്രസാങ്കേതിക വിദ്യകളുടെ ആരോഗ്യകരവും ധാർമ്മികവുമായ ഉപയോഗത്തിനുള്ള പരിശീലനവും എല്ലാം ചേർന്നാലേ ഈ പ്രതിസന്ധിയെ മറികടക്കാനാവൂ.

"Jagratha News" - An internet news service is free and for private circulation
Web: www.kcbcsocialharmony.org
Blog: jagrathakcbc.blogspot.com
Designed and Edited by Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25,